**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 714** **08-10-2024 - ൽ മറുപടിയ്ക്ക്**

**പുനരുപയോഗ പുരപ്പുറ സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുനരുപയോഗ പുരപ്പുറ സോളാർ പദ്ധതിയിലെ പ്രൊസ്യൂമർമാർക്ക് രാത്രികാലങ്ങളിൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് വ്യത്യസ്ത നിരക്ക് ഏർപ്പെടുത്തുവാൻ ആലോചിക്കുന്നുണ്ടോ; | (എ) | സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളിൽ വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണി വരെ കെ.എസ്.ഇ.ബി.എൽ നിന്ന് എടുക്കുന്ന വൈദ്യുതിക്ക് (പകൽ സമയത്ത് കെ.എസ്.ഇ.ബി.എൽ ഗ്രിഡ്ഡിലേക്ക് നൽകുന്ന വൈദ്യുതിയുമായി അഡ്ജസ്റ്റ് ചെയ്യാതെ) കമ്മീഷൻ അംഗീകരിച്ച താരിഫ് പ്രകാരം വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിനുള്ള ശിപാർശ നൽകിയിട്ടുണ്ട്. റെഗുലേറ്ററി കമ്മീഷൻ ഇത് സംബന്ധിച്ച് യാതൊരുവിധ ഉത്തരവുകളും പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | നിലവിൽ പ്രൊസ്യൂമർമാർ അധികമായി ഉത്പാദിപ്പിച്ച് കെ.എസ് .ഇ.ബി. ക്ക് നൽകുന്ന വൈദ്യുതിയുടെ തുക കൈപ്പറ്റുവാൻ ഒരോ തവണയും ബാങ്ക് അക്കൗണ്ട് രേഖകകളുമായി സെഷൻ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കുന്ന രീതി മാറ്റി ഡയറക്റ്റ് ബെനിഫിഷ്യറി ട്രാൻസ്ഫർ വഴി പണം നൽകുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | നിലവിൽ പ്രത്യേകമായി അപേക്ഷ സമർപ്പിക്കേണ്ടതില്ല. പ്രൊസ്യൂമറിന്റെ അക്കൗണ്ടിലേക്ക് പണം നൽകുകയാണ് ചെയ്യുന്നത്. നിലവിലുള്ള അക്കൗണ്ട് നമ്പറിൽ എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ എന്ന് അന്വേഷിച്ച ശേഷമാണ് പണം അക്കൗണ്ടിലേക്ക് മാറ്റുന്നത്. |
| (സി) | അല്ലാത്തപക്ഷം പ്രസ്തുത അധിക തുക പ്രതിമാസ മീറ്റർ വാടകയിൽ വകകൊള്ളിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | അത്തരത്തിലുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ